"ഭരണ ഭാഷമാതൃഭാഷ-"

ICDS A1/3077/21

വനിതശിശുവികസന വകുപ്പ് ഡയറക്ടറേറ്റ് ,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ :0471-2346508
ഇ :മെയിൽ.directorate.wcd@kerala.gov.in
തീയതി : 16/09/2021

വനിതാ ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിതാശിശുവികസന വകുപ്പ് - കീഴ് കാര്യാലയങ്ങളിലെ അനാവശ്യ കത്തിടപാട്ടുകൾ- ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1. കൊച്ചി അർബൻ -1 ശിശുവികസന പദ്ധതി ഓഫീസറുടെ 06/08/2021 തീയതിയിലെ KU1/224/21 നം. കത്ത്.

വനിതാ ശിശുവികസന വകുപ്പിന് കീഴിലെ വിവിധ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നിന്നും ജില്ലാതലത്തിൽ പരിഹരിക്കപ്പെടേണ്ട വിഷയങ്ങളിന്മേൽ ഡയറക്ടറേറ്റ് തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്ക് ശിശുവികസന പദ്ധതി ഓഫീസർമാർ കത്തിടപാട്ടുകൾ നടത്തുന്ന പ്രവണത കണ്ടു വരുന്നു. ആകയാൽ ജില്ലാതലത്തിൽ പരിഹരിക്കേണ്ടതോ, സംശയ നിവാരണം നടത്തേണ്ടതോ ആയ വിഷയങ്ങളിന്മേൽ ജില്ലാതലത്തിൽ തന്നെ ജില്ലാ വനിതാ ശിശുവികസന ഓഫീസർ/ പ്രോഗ്രാം ഓഫീസറുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശിശുവികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ കാര്യാലയത്തിൽ നേരിട്ട് കത്തുകൾ അയക്കേണ്ടതില്ല. ഡയറക്ടറേറ്റ് തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങളിന്മേൽ കത്തിടപാട്ടുകൾ നടത്തുമ്പോൾ കത്തിൽ വ്യക്തമായ വിശദാംശം ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശവും സി.ഡി.പി.ഒ മാർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാശിശുവികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും